(ഇ) എങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ;

(എഫ്) അർഹിക്കുന്ന സേവന പാരമ്പര്യമുള്ള സ്വകാര്യ സ്ഥാപനങ്ങൾക്ക് ഈ വർഷംതന്നെ സ്വാശ്രയ കോളേജുകൾ അനുവദിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ;

(ജി) മുൻഗവണ്മെന്റിന്റെ കാലത്ത് സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്നതിനെതിരെ രൂക്ഷമായ സമരം നടന്ന കാര്യം ഗവണ്മെന്റിൽ അറിവുണ്ടോ;

(എച്ച്) ഏതെങ്കിലും സാമൂഹിക സംഘടനകൾ ഈ ഗവണ്മെന്റിന്റെ പുതിയ നയത്തിനെതിരെ പ്രതികരിച്ചതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ ആരെല്ലാം എന്ന് വ്യക്തമാക്കുമോ;

(ജെ) ബഹുജനവികാരം മാനിച്ച് തീരുമാനം പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഗവണ്മെന്റ്, അർദ്ധഗവണ്മെന്റ് സഹകരണം എന്നീ മേഖലകളിൽ സ്ഥാപിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) നൽകുന്നതാണ്.

(ഡി)&(ഇ) സ്വകാര്യ മേഖലയുടെ കാര്യം ഇപ്പോൾ പരിഗണിച്ചിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

(ജി) ഉണ്ട്. എന്നാൽ ഇന്ന് വിഭാവനം ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളിൽ നിന്നും തികച്ചും വിഭിന്നമായിരുന്നു മുൻ ഗവണ്മെന്റിന്റെ കാലത്ത് ആരംഭിച്ച സ്വാശ്രയ കോളേജുകൾ.

(എച്ച്) ഉണ്ട്.

(ഐ) കേരള ശാസ്ത്രസാഹിത്യ പരിഷത്തും ചില രാഷ്ട്രീയകക്ഷികളുടെ യുവജനസംഘടനകളും പ്രതികരിച്ചിട്ടുണ്ട്.

(ജെ) ഇല്ല. ഈ നയത്തിനെതിരെ ബഹുജനവികാരം ഉള്ളതായി ഗവണ്മെന്റ് കരുതുന്നില്ല.

വൈദ്യുതി വിതരണ രംഗത്തുണ്ടാകുന്ന തകരാറുകൾ

5 (*184) ശ്രീ. പി.സി. ജോർജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണരംഗത്തുണ്ടാകുന്ന തകരാറുകൾ അടിയന്തിരമായി പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ എവിടെയെല്ലാമാണ് വൈദ്യുതി കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നത്;

(സി) കൂടുതൽ കൺട്രോൾ റൂമുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണികൾക്കായി കൂടുതൽ ടി.എം.ആർ. ഡിവിഷനുകൾ സ്ഥാപിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഇപ്പോൾ വൈദ്യുതി കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നത്.

(സി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കൺട്രോൾ റും ആരംഭിക്കുന്ന കാര്യം ബോർഡിന്റെ സജീവ പരിഗണനയിലാണ്.

(ഡി) കളമശ്ശേരിയിലും കണ്ണൂരും ടി.എം.ആർ. സബ്ഡിവിഷനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖലയുടെ പരിഷ്കരണം

6 (*185)ശ്രീ. പി. വിശ്വൻ :

ശ്രീ. എൻ.ആർ. ബാലൻ :

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ കാലോചിതമായി പരിഷ്കരിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയുടെ പരിഷ്കരണം സംബന്ധിച്ച് എന്തെങ്കിലും നയം ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നയപരിപാടിയുടെ അടിസ്ഥാനത്തിൽ ഇതിനകം ഏതെല്ലാം മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തി എന്നു വെളിപ്പെടുത്തുമോ;

(ഡി) ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഘടനയിൽ മാറ്റം വരുത്തി കൂടുതൽ പാഠ്യപദ്ധതികൾ ആരംഭിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് അദ്ധ്യാപക വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്)ഇതിനായി സംസ്ഥാനത്ത് ആധുനിക പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഉണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ പ്രസക്തി മനസ്സിലാക്കി ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ തുടങ്ങിയ നവീനരീതിയിലുള്ള

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly